(സി) കണ്ണൂർ ജില്ലയിൽ എത്ര ഉദ്യോഗാർത്ഥികളെ ഇത്തപ്രകാരം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താത്തതായിട്ടുണ്ട്; വിശദാംശം നൽകുമോ ;

(ഡി) പല ഉദ്യോഗാർത്ഥികൾക്കും അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ ഇക്കാര്യത്തിൽ മാനുഷികവും അനുകൂലവുമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എൽ.ഡി. ക്ലാർക്ക് തസ്തികയുടെ സാധ്യതാ പട്ടികയിൽ മുഖ്യപട്ടിക/ ഉപപട്ടിക എന്നിവയിൽ ഭിന്നശേഷി വിഭാഗം നൂറ് ശതമാനം അന്ധതയുള്ള ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിരുന്നു. എന്നാൽ 3-1-2013-ലെ G.O(P) No.1/13/SJD പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയുടെ 3% ഭിന്നശേഷിയുള്ളവർക്കായുള്ള സംവരണത്തിന് പ്രസ്തുത വിഭാഗം ഉൾപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിലാണ് അവരെ ലിസ്റ്റിൽനിന്നും ഒഴിവാക്കിയത്.

(സി) രണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

1-4-2014 മുതൽ 31-5-2015 വരെ സർവീസിൽ നിന്നും വിരമിച്ചവരും നിയമിക്കപ്പെട്ടവരും

55 (1759) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-2014 മുതൽ 31-5-2015 വരെയുള്ള കാലയളവിൽ സർക്കാർ സർവ്വീസിൽ നിന്നും എത്ര പേർ വിരമിച്ചു ; ഓരോ വകുപ്പിൽ നിന്നും വിരമിച്ചവരുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) 1-4-2014 മുതൽ 31-5-2015 വരെ എത്ര ആളുകളെ പി.എസ്.സി. വഴി നിയമിക്കുകയുണ്ടായി ; വിശദാംശം വകുപ്പ് തിരിച്ച് നൽകാമോ?

ഉത്തരം

(എ) 1-4-2014 മുതൽ 31-5-2015 വരെയുള്ള കാലയളവിൽ സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പിൽനിന്നും 181 പേർ സർക്കാർ സർവ്വീസിൽനിന്നും വിരമിക്കുകയുണ്ടായി. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) 1-4-2014 മുതൽ 1-5-2015 വരെയുള്ള കാലയളവിൽ സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പിൽനിന്നും 186 പേരെ പി.എസ്.സി. വഴി നിയമിക്കുകയുണ്ടായി. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly